പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 310      28.01.2019-ൽ മറുപടിക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം      മറുപടി

ശ്രീ.ആന്റണി ജോൺ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയുടെ ഭാഗമായി പ്രതിമാസം എത്ര രൂപയാണ് അനുവദിക്കുന്നത്; | (എ) | 600/- രൂപ |
| (ബി) | ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ആശ്വാസകിരണം പദ്ധതി ധനസഹായത്തിനായി നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ സഹിതം ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം പ്രസ്തുത അപേക്ഷ ശിശുവികസനപദ്ധതി ഓഫീസറുടെ ശിപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചു വരുന്നു. |
| (സി) | കോതമംഗലം താലൂക്കിൽ എത്ര പേർക്ക് ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; | (സി) | 836 പേർക്ക് |
| (ഡി) | ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യത്തിനായി കോതമംഗലം താലൂക്കിന് കീഴിൽ പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; അവശേഷിക്കുന്ന മുഴുവൻ അപേക്ഷകർക്കും ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. 119 പേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2018 മാർച്ചിന് ശേഷം ലഭിച്ച 94 അപേക്ഷകൾ പരിശോധിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ